# കേരളസർവകലാശാല

നം.പി.ആർ.106/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ സി.ബി.സി.എസ്. ആറാം സെമസ്റ്റർ ബി. കോം. (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017, 2018 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂൺ 4 വരെ അപേക്ഷിക്കാം. ഇതിനായി വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.എസ്സി. ഡിഗ്രി (മേഴ്സിചാൻസ് – 2010, 2011, 2012 അഡ്മിഷൻ), ജനുവരി 2022 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂൺ 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിലും വിദ്യാർത്ഥികളുടെ പ്രൊഫൈലിലും ലഭ്യമാണ്.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാലയുടെ അവസാന വർഷ ബി.എ., ബി.കോം. ആന്വൽ സ്കീം/ബി.എ. അഫ്സൽ – ഉൽ – ഉലാമ, ഏപ്രിൽ 2022 പ്രൈവറ്റ് സ്റ്റഡി വിദ്യാർത്ഥികളുടെ മെയ് 3 ന് മാറ്റിവച്ച പരീക്ഷകൾ ജൂൺ 3 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയക്രമത്തിനെ മാറ്റമില്ല.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2018 അഡ്മിഷൻ), മാർച്ച് 2022 ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പുനഃപസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 സ്കീം ഏഴാം സെമസ്റ്റർ, മാർച്ച് 2022 പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 30 മുതൽ ജൂൺ 1 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി മെയ് 27 മുതൽ ജൂൺ 6 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എ. റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.V – അഞ്ച്) ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 2386428.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. ജൂൺ 2022, (റെഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 7 വരെയും 150 രൂപ പിഴയോടെ ജൂൺ 10 വരെയും 400 രൂപ പിഴയോടെ ജൂൺ 14 വരെയും ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2022 ജൂൺ 29 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ., ബി.കോം., ബി.ബി.എ.എൽ.എൽ.ബി. (റെഗുലർ – 2021 അഡ്മിഷൻ) വിദ്യാർത്ഥികളുടെ www.slcm.keralauniversity.ac.in എന്ന പരീക്ഷാരജിസ്ട്രേഷൻ വെബ്പോർട്ടൽ വഴി പിഴകൂടാതെ മെയ് 27 മുതൽ ജൂൺ 7 വരെയും 150 രൂപ പിഴയോടെ ജൂൺ 10 വരെയും 400 രൂപ പിഴയോടെ ജൂൺ 14 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. slcm പോർട്ടൽ വഴി മാത്രമേ ഫീസ് പേയ്മെന്റ് നടത്താൻ സാധിക്കുകയുള്ളൂ.

കേരളസർവകലാശാല 2022 ജൂൺ 29 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ., ബി.കോം., ബി.ബി.എ. എൽ.എൽബി. (സപ്ലിമെന്ററി – 2012 – 2020 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ മെയ് 27 മുതൽ ജൂൺ 7 വരെയും 150 രൂപ പിഴയോടെ ജൂൺ 10 വരെയും 400 രൂപ പിഴയോടെ ജൂൺ 14 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

കേരളസർവകലാശാല 28, 29 തീയതികളിൽ എസ്.ഡി.ഇ.യിലെ ഒന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. സമ്പർക്ക ക്ലാസുകൾക്ക് മാറ്റമില്ല. വെബ്സൈറ്റിലെ ടൈംടേബിൾ പ്രകാരം ക്ലാസുകൾ നടക്കുന്നതാണ്.

## പിഎച്ച്.ഡി. നൽകി

റിയ മാമ്മൻ (കൊമേഴ്സ്), വി അരുൾശെൽവി (തമിഴ്), വിഷ്ണു ജെ.മേനോൻ, പ്രദീപ് കുമാർ എം. (സോഷ്യൽ വർക്ക്), ഖാലിദ് മുഹമ്മദ് അഹമ്മദ് അലി അൽ–കരിമി (മാനേജ്മെന്റ് സ്റ്റഡീസ്), സിന്ധുജ എം., സനൂപ് എസ്. (ഇക്കണോമിക്സ്), നസിമുദീൻ ഇ.എ. (ഫിസിക്സ്), വിജയകുമാർ ജെ. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), പരോമിത നന്ദി, ശ്രീജ ടി.ഡി. (ലിംഗ്വിസ്റ്റിക്സ്), അജേഷ് ജി. (സുവോളജി), ചിത്ര എസ്., ശ്രീകല എ.എസ്. (എഡ്യൂക്കേഷൻ), അരുണ ബി.കെ. (ലോ), പ്രിയങ്ക എസ്.ജെ., ജിനോഷ് എൻ.സി. (സൈക്കോളജി), ശ്രീനിവാസൻ ആർ., അജിത് കുമാർ എസ്.എസ്. (റഷ്യൻ), അഞ്ജു മാത്യു (മെഡിസിൻ), രഞ്ജിത് വി.ആർ. (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), ഡാനി എസ്. (ഡെമോഗ്രഫി), സഞ്ജു ഡി.എസ്. (സോഷ്യോളജി), സജിൻ ആർ.എം., ഷാനിഫ ബീവി എൻ. (സംസ്കൃതം), വഞ്ചലേ മൃണാൾ വിതാൽ (ബയോടെക്നോളജി), ഫൈസൽ മുഹമ്മദ് സലേ അനാം (ഇംഗ്ലീഷ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ മെയ് 25 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
26.05.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**